മലയാളികൾ അനുഭവിച്ചുവരുന്ന ആവശ്യതകൾക്ക് ഒരു പരിധിവരെ ആശ്വാസമേകാനായി പ്രവാസി ക്ഷേമനിധി ആരംഭിക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചു വരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹോട്ടലുകളിൽ വെളിച്ചെണ്ണ ഉപയോഗിക്കണമെന്ന നിർദ്ദേശം

138 (1073) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ വെളിച്ചെണ്ണ ഉപയോഗിക്കണമെന്നും കരിക്കിൻവെള്ളം വിതരണം ചെയ്യണമെന്നും ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നുമുതലാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത് ;

(സി) വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

റേഷൻകാർഡ് അദാലത്ത്

139 (1074) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതിയ റേഷൻകാർഡുകൾ നൽകുന്നതിനും ഉള്ള കാർഡിൽ പേരുകൾ കൂട്ടിച്ചേർക്കുന്നതിനും എല്ലാ വില്ലേജുകളിലും റേഷൻകാർഡ് അദാലത്ത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലല്ല.

കുന്നത്തുനാട്ടിലെ സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ പ്രവർത്തനം

140 (1075) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചു വന്നിരുന്ന സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ പ്രവർത്തനം പുനഃരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ പാലക്കാട് റീജിയൺ പിരിധിയിൽപ്പെട്ട അഗളി, അട്ടപ്പാടി എന്നീ ആദിവാസി മേഖലകളിലെ ജനങ്ങൾക്കു പ്രജോജനപ്പെടുത്തുന്നതിനായി 1996-ൽ പ്രവർത്തനമേഖല മാറ്റുകയുണ്ടായി. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പക്കൽ ഇപ്പോൾ വാഹനസൗകര്യമില്ലാത്തതിനാൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ പ്രവർത്തനം തുടർന്നു നടത്തുവാൻ തൽക്കാലം നിർവ്വാഹമില്ല.

റേഷൻ വിതരണത്തിന് വരുമാനപരിധി

141 (1076) ശ്രീ. കെ. പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ.സി. എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റേഷൻ വിതരണത്തിന് വരുമാന പരിധി ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നുവോ ;

(ബി) തീരുമാനിച്ചിരുന്നുവെങ്കിൽ നിശ്ചയിച്ചിരുന്ന വരുമാന പരിധി എത്രയായിരുന്നു ;

(സി) ഈ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കാത്തതിന്റെ കാരണവും വ്യക്തമാക്കുമോ ;

(ഡി) രണ്ടുതരം റേഷൻ കാർഡുകൾ ഏർപ്പെടുത്തുവാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചിരുന്നുവോ ;

(ഇ) തീരുമാനിച്ചിരുന്നുവെങ്കിൽ അതിന് സ്വീകരിക്കുവാനുദ്ദേശിച്ച മാനദണ്ഡമെന്തായിരുന്നു ; ഇക്കാര്യത്തിൽ എന്തു തീരുമാനം നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുത്തിരുന്നില്ല.

(ബി-ഇ) ചോദ്യം ഉദിക്കുന്നില്ല.

പൊതുവിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ

142 (1077) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവൺമെന്റിൽ നിന്നു പൊതുവിതരണത്തിനായി സംസ്ഥാന സർക്കാരിന് അലോട്ട് ചെയ്തു കിട്ടുന്ന അരി വിഹിതം എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly